**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മംഗലാപുരം-കൊച്ചി പ്രകൃതിവാതക ലൈൻ പൂർത്തീകരിച്ചതിനെതുടർന്ന് വീട്ടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എന്നുമുതൽ നൽകാൻ കഴിയുമെന്നും; എപ്പോൾ മുതൽ വ്യവസായ/വാണിജ്യസ്ഥാപനങ്ങൾക്കുള്ള ഇന്ധനമായി നൽകുവാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി പ്രകാരം മിക്കവാറും ജില്ലകളിൽ വീട്ടുകളിൽ പാചകാവശ്യത്തിനും വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ഇന്ധനമായും പ്രകൃതി വാതകം ഇതിനകം നൽകിത്തുടങ്ങിയിട്ടുണ്ട്. |
| (ബി) | ഗെയിൽ പൈപ്പ്‌ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ കുന്നംകുളം മുൻസിപ്പാലിറ്റി, ചോവന്നൂർ പഞ്ചായത്ത്, ഗുരുവായൂർ മുൻസിപ്പാലിറ്റി, ചാവക്കാട് മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലും, പാലക്കാട് ജില്ലയിൽ ഇലപ്പുള്ളി പഞ്ചായത്തിലും, പുതുശ്ശേരി പഞ്ചായത്തിലും സിറ്റിഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളായ കളമശേരി, തൃക്കാക്കര, മരട് എന്നിവിടങ്ങളിലും താലൂക്കുകളായ കുന്നത്തുനാട്, ആലുവ, പറവൂർ എന്നിവിടങ്ങളിലും സിറ്റി ഗ്യാസ് പദ്ധതി പ്രകാരം പ്രകൃതിവാതകകണക്ഷനുകൾ ലഭ്യമാക്കിതുടങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി എന്നിവിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.<br><br>കണ്ണൂർ കോർപ്പറേഷനിലും, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലും, അജാനൂർ പഞ്ചായത്തിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു .<br><br>മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്, കോട്ടക്കൽ, മലപ്പുറം, എന്നീ മുനിസിപ്പാലിറ്റികളിലും എടരിക്കോട് പഞ്ചായത്തിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു . |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലയിലെ ഉണികുളം പഞ്ചായത്തിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പനങ്ങാട്, കിഴക്കോത്ത്, നന്മിണ്ട, നരിക്കുനി, ബാലുശ്ശേരി, കക്കൂര് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.<br><br>തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട് ചാക്ക, മുട്ടത്തറ, പാൽകുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ട് 2024 ഡിസംബർ മാസത്തോടെ തിരുവനന്തപുരം കോർപ്പറേഷനിലെ 31 വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളത്; എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ, തൃശൂർ - കുന്നംകുളം റോഡിൽ മെയിൻ സ്റ്റീൽ പൈപ്പ് ലൈൻ ഇടുന്ന പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ജൂൺ മാസത്തോടു കൂടി വീടുകളിലേക്കുള്ള ഗ്യാസ് കണക്ഷൻ നൽകി തുടങ്ങും. |
| (ഡി) | തൃശ്ശൂർ ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ? | (ഡി) | തൃശ്ശൂർ ജില്ലയിൽ നിലവിൽ 22 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ 10 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ കൂടി തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ